## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *522      26.03.2018-ൽ മറുപടിയ്ക്ക്

### ഭൂനിയമങ്ങളുടെ ഭേദഗതി

| ചോദ്യം: | | മറുപടി: |
|---|---|---|
| ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, സി. ദിവാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, എൽദോ എബ്രഹാം | | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഭൂമിയുമായി ബന്ധപ്പെട്ട ഏതൊക്കെ നിയമങ്ങളിലാണ് ഭേദഗതി ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) സർക്കാർ അടിയന്തരമായി ഭേദഗതി വരുത്തുന്നതിനായി പരിഗണിക്കുന്ന നിയമങ്ങൾ വ്യക്തമാക്കുമോ; | (എ) യും (ബി) യും | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതികൾ വരുത്തികൊണ്ട് പുറപ്പെടുവിച്ച 2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>1964 ലെ Kerala Land Assignment ചട്ടങ്ങളിൽ 17/08/2017 ലെ GO(P) 60/17/RD പ്രകാരവും 02/02/2018 ലെ GO(P)7/2018/RD പ്രകാരവും മാറ്റം വരുത്തിയിട്ടുണ്ട്. 1993-ലെ KLA ( Regularisation of occupations of Forest Lands prior to 01-01-1977) Special Rules-ൽ ഭേദഗതി ചെയ്യുന്ന കാര്യം പരിശോധിച്ചു വരുന്നു.<br><br>കൃഷി ആവശ്യത്തിനും വീട് വയ്ക്കുന്നതിനുമായി പതിച്ചു കൊടുത്തിട്ടുള്ള പട്ടയ ഭൂമിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ പണിതിട്ടുള്ളതിൽ ന്യായമായ ഒരു extend വരെയുള്ളതും അതുൾപ്പെട്ട മിനിമം extend ഭൂമിയും ക്രമവൽക്കരിക്കുന്നതിനായി നിയമ ഭേദഗതി കേരള ഭൂപതിവ് നിയമത്തിൽ കൊണ്ടു വരുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്.<br><br>1963-ലെ കേരള ഭൂപരിഷ്കരണ നിയമ പ്രകാരം ഇളവ് ലഭിച്ച ഭൂമി മുറിച്ചു വിൽക്കുന്നത് നിയന്ത്രിക്കുന്നതിനായി, ഭൂമി വാങ്ങിയ ആൾ അതേ ഉപയോഗത്തിനല്ല |

ഭൂമി ഉപയോഗിക്കുന്നതെങ്കിൽ ടി ഭൂമി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു

(സി) ലാന്റ് ഗ്രാബിംഗ് പ്രിവൻഷൻ നിയമം പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) 2017-ലെ കേരള ലാന്റ് ഗ്രാബിംഗ് (പ്രൊഹിബിഷൻ) കരട് ബില്ല് നിയമോപദേശം ലഭിക്കുന്നതിനായി അഡ്വക്കേറ്റ് ജനറലിന് നൽകിയിരിക്കുകയാണ്.

(ഡി) ഭൂമിയുടെ ഉപരിതലത്തിലുള്ള ധാതുക്കളുടെ ഉടമസ്ഥാവകാശം സംസ്ഥാനത്താകെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നിയമനിർമ്മാണം നടത്തുമോ; വ്യക്തമാക്കുമോ?

(ഡി) ഭൂമിയുടെ ഉപരിതലത്തിലുള്ള ധാതുക്കളുടെ ഉടമസ്ഥാവകാശം സംസ്ഥാനത്താകെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടി വ്യവസായ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**